നമ്പർ 282/2010

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരേ,
ദൈവത്തിന്റെ അളവറ്റ കൃപയാൽ ഓരോ വർഷവും പ. സഭയുടെ മിഷൻ പ്രവർത്തനങ്ങൾ പുരോഗതിയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. അതിനായി പ്രാർത്ഥനകൊണ്ടും സാമ്പത്തികമായും മറ്റു വിധത്തിലും സഹകരിക്കുന്ന സകലരെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മിഷൻ പ്രവർത്തനങ്ങളെപ്പറ്റിയുള്ള സഭാ വിശ്വാസികളുടെ അവബോധവും താല്പര്യപൂർവ്വമായ സഹകരണവും മൂലം ഈ വർഷം കഴിഞ്ഞ വർഷത്തേക്കാൾ 11,09,767.57 രൂപാ കൂടുതൽ ലഭിച്ചു എന്നത് സന്തോഷകരമായ വസ്തുതയാണ്. കുഷ്ഠരോഗികളുടെയും എയ്ഡ്സ് രോഗികളുടെയും കുഞ്ഞുങ്ങൾക്കായുള്ള ബാലഭവനങ്ങൾ, ആലംബഹീനരായ വൃദ്ധജനങ്ങൾക്കായുള്ള ഭവനങ്ങൾ, വികലാംഗർക്കായുള്ള പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങി അനവധി പ്രസ്ഥാനങ്ങളുടെ പുരോഗമനാത്മകമായ പ്രവർത്തനങ്ങൾക്കും അതിലൂടെയുള്ള ക്രിസ്തീയസാക്ഷ്യത്തിനും തുടർന്നും നിങ്ങൾ ഏവരുടേയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹായസഹകരണങ്ങളും ഉണ്ടാകണം. കോട്ടയത്ത് തിരുവാതുക്കൽ എന്ന സ്ഥലത്ത് പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പത്താംക്ലാസ്സും പന്ത്രണ്ടാം ക്ലാസ്സും പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം നൽകി അവരെ സഭയ്ക്കും സമൂഹത്തിനും പ്രയോജനമുള്ളവരാക്കി തീർക്കുന്നതിനായി ആരംഭിച്ചിരിക്കുന്ന ബാലഗ്രാമിന്റെ പണി തുടർന്നുകൊണ്ടിരിക്കുന്നു. ഈ വർഷംതന്നെ പണികൾ പൂർത്തീകരിക്കപ്പെടുവാൻ നിങ്ങൾ ഏവരും പ്രാർത്ഥിക്കണം.

പ്രിയരേ, ഈ വർഷത്തെ മിഷൻ സൺഡേ ജൂലൈ 4-ാം തീയതിയാണ്. അന്നേ ദിവസം സഭ വകയായി നടത്തപ്പെടുന്ന സകല മിഷൻ പ്രവർത്തനങ്ങൾക്കായും പ്രത്യേകം പ്രാർത്ഥിക്കുകയും കവർപിരിവിൽ നിങ്ങൾ ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്യണം. അന്നത്തെ കവർ പിരിവും കാണിക്കയും, പള്ളിയിൽ നിന്നുള്ള പ്രത്യേകം സംഭാവനയും ചേർത്ത് നമ്മുടെ മിഷൻ ബോർഡ് പ്രസിഡണ്ട് അഭി. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ പേർക്ക്, സെന്റ് പോൾസ് മിഷൻ സെന്റർ, മാവേലിക്കര, 690103 എന്ന വിലാസത്തിൽ 2010 സെപ്റ്റംബർ 30-നകം അയച്ചുകൊടുക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2010 ജൂൺ മാസം 10 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

PDF created with pdfFactory Pro trial version www.pdffactory.com